പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3262 — 25.06.2012-ൽ മറുപടിക്ക്.

# അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ. ലതിക | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേരള സംസ്ഥാന രൂപീകരണം മുതൽ നാളിതുവരെയുള്ള എ.പി.പി മാരുടെ നിയമനം എന്തെല്ലാം നടപടിക്രമങ്ങളുടെയും, മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നെന്ന് വിശദമാക്കാമോ: | : (എ) എ.പി.പി.മാരുടെ നിയമനം, സ.ഉ.(എം.എസ്.) നമ്പർ:472/62 തീയതി 01.09.1962 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരുന്നു. തുടർന്ന് 26.06.1985-ലെ സ.ഉ.(എം.എസ്.) നമ്പർ:138/85 പ്രകാരം എ.പി.പി.മാരുടെ നിയമനം ജില്ലാ കളക്ടർ കൺവീനറായും, ആഭ്യന്തര വകുപ്പ് സെക്രട്ടറി ചെയർമാനായും, ഡയറക്ടർ ഓഫ് പബ്ലിക് പ്രോസിക്യൂഷൻ, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റിയുടെ നിയന്ത്രണത്തിലാക്കി. ഈ കമ്മിറ്റി വിജ്ഞാപനം പുറപ്പെടുവിച്ച് ഇന്റർവ്യൂ നടത്തി പാനൽ ഉണ്ടാക്കിയതിനുശേഷം അതിൽ നിന്നും നിയമനം നടത്തി വന്നിരുന്നു. എന്നാൽ 16.09.1996-ലെ ജി.ഒ.(എം.എസ്.) നമ്പർ:154/96/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസ് പ്രകാരം എ.പി.പി.മാരുടെ നേരിട്ടുള്ള നിയമനം സർക്കാർ നടത്തിവന്നു. 2011-ൽ എ.പി.പി.മാരുടെ നിയമനം കെ.പി.എസ്.സിയ്ക്ക് വിട്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് എ.പി.പി. മാരുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടതു എന്നുമുതലായിരുന്നു ; | : (ബി) 01.03.2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ: 85/2011/ആഭ്യന്തരം പ്രകാരമാണ് സംസ്ഥാനത്ത് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടത്. |

(മറുപുറം)

| | | |
|---|---|---|
| (സി) സംസ്ഥാന രൂപീകരണം മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എപ്പോഴെല്ലാം താല്ക്കാലികമായി ജോലി ചെയ്തിരുന്നു എ.പി.പി മാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്നും അവരുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ; | : | (സി) 18.12.2010-ലെ സ.ഉ.(എം.എസ്.) 274/2010/ആഭ്യന്തരം പ്രകാരം ശ്രീ.പി.എൻ.സജികുമാർ, ശ്രീമതി.വി.ഷീജ എന്നിവരുടെ താൽക്കാലിക നിയമനം സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇതിനുമുമ്പ് താൽക്കാലികമായി ജോലി ചെയ്തിരുന്ന എ.പി.പി.മാരെ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. |
| (ഡി) നിലവിൽ സംസ്ഥാനത്തെ കോടതികളിൽ എ.പി.പി. മാരുടെ ഒഴിവുകൾ നിലനിർത്തരുതെന്ന് ഹൈക്കോടതി വിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | : | (ഡി) സംസ്ഥാനത്തെ മജിസ്ട്രേറ്റ് കോടതികളിൽ ഒഴിവുള്ള അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിൽ സ്ഥിര നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ.സുജേഷ് ജെ.മാത്യു, എസ്.എം.നസീർ എന്നിവർ ബഹു.കേരള ഹൈക്കോടതിയെ സമീപിച്ചിരുന്നു.<br>[ഡബ്ല്യൂ.പി.(സി) നമ്പർ:27473/2010 (എസ്)] പ്രസ്തുത കേസിൽ നിലവിലുള്ള അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഒഴിവുകൾ മൂന്നുമാസത്തിനകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും പി.എസ്.സി. വഴി തെരഞ്ഞെടുക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുംവരെ ജില്ലാ കളക്ടർമാർ മുഖേന താൽക്കാലിക എ.പി.പി.മാരെ നിയമിച്ച് ഈ ഒഴിവുകൾ നികത്തണമെന്നും ചീഫ് ജസ്റ്റീസ് ജെ.ചെലമേശ്വർ, ജസ്റ്റീസ് ആന്റണി ഡൊമിനിക് എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ച് 2011 മാർച്ച് 10-ന് വിധിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ